**കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന പരീക്ഷകളിൽ ഉദ്യോഗാർത്ഥികൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ**

കോവിഡ്-19 ന്റെ വ്യാപനം തടയുന്നതിനായി പരീക്ഷയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉദ്യോഗാർത്ഥികൾ നിർബന്ധമായി പാലിക്കേണ്ടതാണ്.

1. പരീക്ഷകൾ നടത്തുമ്പോൾ കോവിഡ്-19 ന്റെ വ്യാപനം തടയുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും, സുരക്ഷാ ക്രമീകരണങ്ങളും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന പരീക്ഷകളിലും ബാധകമായിരിക്കും. പരീക്ഷയ്ക്കെത്തുന്ന എല്ലാ ഉദ്യോഗാർത്ഥികളും ആരോഗ്യവകുപ്പ് പുറത്തിറക്കിയിട്ടുള്ള സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

2. സ്കൂൾ പരിസരത്ത് ഉദ്യോഗാർത്ഥിയെ അല്ലാതെ മറ്റാരെയും പ്രവേശിപ്പിക്കുന്നതല്ല.

3. പരീക്ഷയ്ക്കെത്തുന്ന ഉദ്യോഗാർത്ഥികൾ സ്കൂൾ പരിസരത്ത് കൂട്ടംകൂടി നിൽക്കുവാൻ പാടില്ല.

4. ഉദ്യോഗാർത്ഥികൾ മാസ്ക് ധരിച്ചിരിക്കേണ്ടതാണ്.

5. നിലവിലുള്ള പ്രത്യേകസാഹചര്യം കണക്കിലെടുത്ത് ഉദ്യോഗാർത്ഥികൾക്ക് സുതാര്യമായ കുപ്പികളിൽ (Transparent Bottle)കുടിവെള്ളം കൊണ്ടുവരാവുന്നതാണ്.

6. പരീക്ഷയ്ക്കെത്തുന്ന ഉദ്യോഗാർത്ഥികൾ അതത് പരീക്ഷാകേന്ദ്രത്തിലെ അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പരീക്ഷ എഴുതേണ്ടതാണ്.

7. കോവിഡ് - 19 പോസിറ്റീവ് ആയ ഉദ്യോഗാർത്ഥികൾ പരീക്ഷയെഴുതാൻ ആഗ്രഹിക്കുന്ന പക്ഷം അവർക്കനുവദിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിനെയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറി / പരീക്ഷാ കൺട്രോളർ (kdrbtvm@gmail.com) എന്നിവരെയും പരീക്ഷാതീയതിയ്ക്കു രണ്ട് ദിവസം മുമ്പ് തന്നെ അറിയിക്കേണ്ടതാണ്. ടി ഉദ്യോഗാർത്ഥികൾ കോവിഡ്-19 പോസിറ്റീവ് സർട്ടിഫിക്കറ്റ് പരീക്ഷാകേന്ദ്രത്തിൽ എത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

8. കോവിഡ് പോസിറ്റീവ് ആയ ഉദ്യോഗാർത്ഥികൾ കോവിഡ് പ്രോട്ടോകോൾ പാലിച്ച് ചീഫ് സൂപ്രണ്ട് നിർദ്ദേശിക്കുന്ന പ്രകാരം പ്രത്യേക മുറിയിൽ തന്നെയിരുന്നു പരീക്ഷ എഴുതേണ്ടതാണ്.

**********************